# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2240 06.02.2019-ൽ മറുപടിക്ക്

## മ്യൂസിയങ്ങൾ ഏറ്റെടുത്ത് നവീകരിക്കുന്നതിന് നടപടി

**ചോദ്യം**
ശ്രീ.വി. അബ്ദുറഹിമാൻ

**ഉത്തരം**
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മ്യൂസിയങ്ങൾ ആകർഷകമാക്കുന്നതിനും നവീകരിക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | (എ) | പുരാവസ്തു, പുരാരേഖാ, മ്യൂസിയം വകുപ്പുകൾക്ക് കീഴിലുള്ള മ്യൂസിയങ്ങൾ നവീകരിക്കുന്നതിനും ആധുനിക മ്യൂസിയം സങ്കൽപങ്ങൾക്കനുസരിച്ച് പുതിയ മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്, ഇതിന്റെ ഭാഗമായി ഈ മ്യൂസിയങ്ങൾ എല്ലാം തന്നെ തീമാറ്റിക്, ഇന്ററാക്ടീവ് ആക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. മ്യൂസിയങ്ങളിലെ ഡിസ് പ്ലേ സംവിധാനവും ലൈറ്റിംഗ് ക്രമീകരണവും കൂടുതൽ ആകർഷകമാക്കാൻ നടപടികൾ സ്വീകരിച്ചു വരികയാണ്. നിലവിലുള്ള മ്യൂസിയങ്ങളെ കൂടുതൽ ഇന്ററാക്ടീവും തീമാറ്റിക്കും ആക്കുന്നതിന്റെ ഭാഗമായി നെടുമങ്ങാട് കോയിക്കൽ കൊട്ടാരം മ്യൂസിയം, തൃശ്ശൂർ കൊല്ലങ്കോട് കൊട്ടാരത്തിലെ മ്യൂസിയം എന്നിവ ആധുനിക രീതിയിൽ സജ്ജീകരിച്ചു കഴിഞ്ഞു. നവീകരണത്തോടൊപ്പം മ്യൂസിയങ്ങൾ എല്ലാം ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്ത് ആദ്യമായി അന്തർദേശീയ നിലവാരത്തിലുള്ള മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനും നടപടി തുടങ്ങിയിട്ടുണ്ട്.<br><br>മ്യൂസിയം മൃഗശാലാവകുപ്പിന്റെ തിരുവനന്തപുരത്ത് സ്ഥിതിചെയ്യുന്ന നേപ്പിയർ മ്യൂസിയത്തിന്റെ സമ്പൂർണ്ണമായ പുനരുദ്ധാരണം നടത്തുന്നതിന്റെ ഭാഗമായി വിദഗ്ധ സമിതിയുടെ നേതൃത്വ ത്തിൽ മ്യൂസിയം കെട്ടിടത്തിന്റെ സംരക്ഷിത പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഡി.പി.ആർ തയ്യാറാക്കുകയും. ഇതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം സമ്പൂർണ്ണ നവീകരണം നടത്തുന്നതുമായി ബന്ധപ്പെട്ട് അന്താരാഷ്ട്ര നിലവാരത്തിലുള്ള നവീകരണ ജോലികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. കോഴിക്കോട് ആർട്ട് ഗ്യാലറി & കൃഷ്ണമേനോൻ |

| | | | |
|---|---|---|---|
| | | | മ്യൂസിയം കെട്ടിടത്തിന്റെ സംരക്ഷണം മുൻനിർത്തി പുരാവസ്തു വകുപ്പ് മുഖേന സംരക്ഷിത പ്രവൃത്തികളും നടത്തിയിട്ടുണ്ട്. |
| (ബി) | പുതിയതായി ഏതെങ്കിലും മ്യൂസിയങ്ങൾ ഏറ്റെടുത്ത് നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | തൃപ്പൂണിത്തുറ ഹിൽപ്പാലസ് മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം, വയനാട് പഴശ്ശികുടീരം മ്യൂസിയം, തൃശ്ശൂർ ശക്തൻ തമ്പുരാൻ മ്യൂസിയം എന്നിവിടങ്ങളിലെ തുടർ നവീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. |
| (സി) | വിനോദ സഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്ന തരത്തിലും ഗവേഷകർക്ക് പഠനത്തിന് ഉതകുന്ന വിധത്തിലും മതിയായ സൗകര്യങ്ങൾ മ്യൂസിയങ്ങളോടനുബന്ധിച്ച് ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | വിദേശികളും സ്വദേശികളുമായ സഞ്ചാരികളെ ആകർഷിക്കുന്നതിന് വിനോദ സഞ്ചാര സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നത് മ്യൂസിയം നവീകരണ ലക്ഷ്യങ്ങളിലൊന്നാണ്. പുരാവസ്തു വകുപ്പിന്റെ കീഴിൽ "മ്യൂസിയങ്ങൾ അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ" എന്ന സങ്കൽപത്തിന് ഊന്നൽ നൽകിക്കൊണ്ടാണ് തീമാറ്റിക്, ഇന്ററാക്ടീവ്, കമ്മ്യൂണിക്കേറ്റീവ് മ്യൂസിയങ്ങൾ സ്ഥാപിക്കുന്നത്. ഗവേഷകർക്കും വിദ്യാർത്ഥികൾക്കും ആവശ്യമായ ലൈബ്രറി അടക്കമുള്ള സൗകര്യങ്ങൾ മ്യൂസിയങ്ങളിൽ സ്ഥാപിക്കുന്നുണ്ട്.<br>മ്യൂസിയം മൃഗശാലാ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം നേപ്പിയർ മ്യൂസിയത്തിൽ സന്ദർശനത്തിന് വരുന്ന വിനോദ സഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിന്റെ ഭാഗമായും, ഗവേഷകർക്ക് പഠനത്തിന് ഉതകുന്ന വിധത്തിലും സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ടി മ്യൂസിയത്തിലെ പ്രദർശന വസ്തുക്കളെ സംബന്ധിച്ചുള്ള മൊബൈൽ ആപ്പ് സംവിധാനം നടപ്പിലാക്കി. കൂടാതെ തിരുവനന്തപുരം നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം സന്ദർശിക്കാൻ വരുന്ന വിനോദ സഞ്ചാരികൾക്കും, പഠന ഗവേഷകർക്കും ഉപയോഗപ്രദമാകുന്ന തരത്തിൽ ടി മ്യൂസിയത്തിലെ എല്ലാ പ്രദർശന വസ്തുക്കളുടേയും വിശദവിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഡോക്യുമെന്റേഷൻ പ്രവർത്തികൾ പുനരുദ്ധാരണത്തിന്റെ ഭാഗമായി നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ